ആർ ബി ഐ/2004-05/268

ആർ പി സി ഡി സി ഒ ആർ എഫ് ബി സി 55/07.38.01/2004-05

നവംബർ 1, 2004

എല്ലാ ജില്ലാ സംസ്ഥാന സഹകരണബാങ്കുകൾക്കും

സർ,

2004-05 കാലയളവിലെ വാർഷിക നയത്തിന്റെ ഇടക്കാല പുനരവലോകന പ്രസ്താവന - സ്വകാര്യ/സാധാരണ പ്രവാസി (NRO) സ്ഥിരനിക്ഷേപങ്ങളുടെ ലഘൂകരിച്ച ഗതിനിർണ്ണയം.

ഏപ്രിൽ 19,2001 ലെ ഞങ്ങളുടെ സർക്കുലർ ആർ പി സി ഡി നമ്പർ ആർ എഫ് ഡി ഐ ആർ ബി സി 77/07.38.01/2000-01 ലെ ഖണ്ഡിക 1 (i) ശ്രദ്ധിക്കുക. ഇപ്പോഴത്തെ അവസ്ഥയിൽ, 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സ്ഥിരനിക്ഷേപങ്ങൾക്ക് ഏറ്റവും ചുരുങ്ങിയ കാലാവധി 7 ദിവസമായും 15 ലക്ഷം രൂപയ്ക്ക് താഴെയുള്ളവയ്ക്ക് ചുരുങ്ങിയ കാലാവധി 15 ദിവസമെന്നും ബാങ്കുകൾ നിജപ്പെടുത്തിയിട്ടുണ്ട്.

2. ഇക്കാര്യത്തിൽ, 2004-05 കാലയളവിലെ വാർഷിക നയത്തിന്റെ ഇടക്കാല പുനരവലോകന പ്രസ്താവനയിലെ ഖണ്ഡിക73,74 ലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു (കോപ്പി ഇതോടൊപ്പമുണ്ട്) അതിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ മുകളിൽകുറിച്ച മാർഗ്ഗനിർദേശങ്ങൾ പുനരവലോകനം ചെയ്യപ്പെട്ടിരിക്കുന്നു. സ്ഥിരനിക്ഷേപങ്ങളുടെ കാലാവധിയുടെ കാര്യത്തിൽ ഏകീകരണം ഉണ്ടാക്കുന്നതിനായി ബാങ്കുകൾ അവരുടെ വിവേചനത്തിനു വിധേയമായി സ്വകാര്യ പ്രവാസി സ്ഥിര നിക്ഷേപങ്ങൾ 15 ലക്ഷം രൂപയ്ക്ക് താഴെയുള്ള സ്ഥിരനിക്ഷേപങ്ങളുടെ ഏറ്റവും ചുരുങ്ങിയ കാലാവധി 15 ദിവസത്തിൽ നിന്നും 7 ദിവസമായി പരിമിതപ്പെടുത്താവുന്നതാണ്. എന്നാൽ, 15 ലക്ഷം രൂപയിൽ കവിഞ്ഞ പ്രസ്തുത നിക്ഷേപങ്ങളിൻ മേൽ പലിശ നിർണ്ണയിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ബാങ്കുകൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്. പരിഷ്കരിച്ച ഈ നിർദ്ദേശങ്ങൾ നവംബർ 1, 2004 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

3 കത്തു കിട്ടിയ വിവരം മേഖലാ ഓഫീസിൽ അറിയിക്കുക

.

വിശ്വസ്തതയോടെ

(ജി ശ്രീനിവാസൻ)

ചീഫ്ജനറൽമാനേജർ

ഉള്ളടക്കം മുകളിൽ സൂചിപ്പിച്ചതുപോലെ

**പലിശനിരക്കിന്റെ നയം**

(c) സ്വകാര്യനിക്ഷേപങ്ങളുടെ നിക്ഷേപകാലാവധി കുറയ്ക്കൽ

73. സ്വകാര്യ മൊത്തസ്ഥിര നിക്ഷേപങ്ങളുടെ (15 ലക്ഷം രൂപയ്ക്കും അതിനുമുകളിലും) ഏറ്റവും ചുരുങ്ങിയ കാലാവധി 7 ദിവസമായി നിജപ്പെടുത്തിയിരിക്കുന്നുവെങ്കിലും, സ്വകാര്യ ചില്ലറ സ്ഥിരം നിക്ഷേപങ്ങളുടെ (15 ലക്ഷം രൂപയ്ക്ക് താഴെയുള്ളത്) ഏറ്റവും ചുരുങ്ങിയ കാലാവധി 15 ദിവസമായി തുടരുന്നതാണ്. സ്ഥിരനിക്ഷേപങ്ങളുടെ കാലാവധി നിർണ യത്തിൽ ഏകീകരണം സാധ്യമാക്കുന്നതിനായി താഴെ ചേർക്കുന്ന നിർദേശം സ്വീകാര്യമാണ്.

സ്വന്തം വിവേചനത്തിനു വിധേയമായി ബാങ്കുകൾക്ക് സ്വകാര്യ ചില്ലറ സ്ഥിരനിക്ഷേപങ്ങളുടെ ഏറ്റവും ചുരുങ്ങിയ നിക്ഷേപകാലാവധി (15 ലക്ഷം രൂപയ്ക്ക് താഴെയുള്ളത്) 15 ദിവസത്തിൽ നിന്നും 7 ദിവസമായി കുറയ്ക്കാവുന്നതാണ്.

74. എന്നാൽ, 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സ്വകാര്യ മൊത്ത സ്ഥിരനിക്ഷേപങ്ങൾക്ക് വ്യത്യസ്ത പലിശനിരക്കുകൾ നിർണയിക്കുന്ന കാര്യങ്ങൾ നിലവിലുള്ളതുപോലെ ബാങ്കുകൾക്ക് പൂർണ്ണസ്വാതന്ത്യം ഉണ്ടായിരിക്കുന്നതാണ്.